പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4865 | 21.10.2011ൽ മറുപടിയ്ക്ക് |
|---|---|
| അംഗനവാടികളുടെ കാര്യക്ഷമത | |
| ചോദ്യം | ഉത്തരം |
| ശ്രീ. കെ. എൻ. എ. ഖാദർ | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന അംഗനവാടികളുടെ കാര്യ ക്ഷമത പരിശോധിക്കുവാൻ സംവിധാനങ്ങളുണ്ടോ ? | ഉണ്ട്. ഓരോ മാസവും അംഗൻവാടിയിൽ നടക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് തയ്യാറാക്കുന്ന പ്രതിമാസ പുരോഗതി റിപ്പോർട്ട് അവലോകനം നടത്തി പ്രസ്തുത പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കു-ന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഐ.സി.ഡി.എസ്. പദ്ധതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഉപയുക്തമായ മാർഗ്ഗങ്ങൾ ചർച്ച ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി അംഗൻവാടിതലത്തിൽ വെൽഫയർ കമ്മിറ്റിയും പഞ്ചായത്ത്/ബ്ലോക്ക്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ, ജില്ലാ, സംസ്ഥാനതലങ്ങളിൽ കോ-ഓർഡിനേഷൻ കമ്മിറ്റികളും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ